# കേരളത്തിലെ ദലിത് ക്രിസ്ത്യൻ സമൂഹവും മിഷനറി പ്രവർത്തനങ്ങളും

## സാംസ്കാരികവും ചരിത്രപരവുമായ ഒരന്വേഷണം

രാജേഷ് ചിറപ്പാട്

സബ് എഡിറ്റർ, ചിന്ത പബ്ലിഷേഴ്സ് തിരുവനന്തപുരം-35

കേരളത്തിന്റെ നവോത്ഥാന ചരിത്രപാഠങ്ങളിലും ദലിത് അന്വേഷണങ്ങളിലും ദലിത് ക്രൈസ്തവർ സവിശേഷമായി പരിഗണിക്കപ്പെടുകയുണ്ടായില്ല. ദലിത് സ്വത്വരൂപീകരണത്തിനു പുറത്തായിരുന്നു അവരുടെ സ്ഥാനം. ചരിത്രത്തിലും വർത്തമാനത്തിലും ദലിത് ക്രൈസ്തവത എന്നത് മതാത്മകമായ വ്യവഹാരപരിസരത്തിനുള്ളിൽ മാത്രം ചുരുക്കപ്പെടുകയായിരുന്നു. എങ്കിലും സാമൂഹികവും ചരിത്രപരവുമായ അതിന്റെ പ്രസക്തിയെ അടയാളപ്പെടുത്താനുള്ള ചുരുക്കം ചില ശ്രമങ്ങൾ ഉണ്ടായിട്ടുണ്ട്. ദലിത് ക്രൈസ്തവർ എന്ന ജനവിഭാഗത്തിന്റെ ചരിത്രം കേരളത്തിലെ അടിമത്തം, ജാതിവ്യവസ്ഥ, അസ്പൃശ്യത എന്നിങ്ങനെയുള്ള സവർണ്ണഹിന്ദുയിസവും അതു സൃഷ്ടിച്ച സാമൂഹിക വ്യവസ്ഥയുമായും ബന്ധപ്പെട്ടതാണ്. അതോടൊപ്പം കേരളനവോത്ഥാനത്തിന്റെ ചരിത്ര സന്ദർഭങ്ങളോട് അത് ഇഴുകിച്ചേർന്നു നില്ക്കുകയും ചെയ്യുന്നു.

കൊളോണിയൽ ആധുനികതയും മിഷനറി പ്രവർത്തനങ്ങളും ദലിതുകളുടെ സാമൂഹിക-സാംസ്കാരിക ജീവിതത്തെ പുതുക്കിപണിതു. കേരളത്തിന്റെ നവോത്ഥാന പരിശ്രമങ്ങൾക്ക് അത് ഊർജ്ജദായകമായി. കേരളത്തിലെ മിഷനറി പ്രവർത്തനങ്ങളുടെ ചരിത്രം സങ്കീർണ്ണവും വ്യത്യസ്ത മാനങ്ങളുള്ളതുമാണ്. സാമൂഹികമായ ഇടങ്ങൾക്കും (social space) മനുഷ്യാവകാശങ്ങൾക്കും വേണ്ടിയുള്ള കീഴാളജനതയുടെ സമരങ്ങൾക്കും പ്രക്ഷോഭങ്ങൾക്കും പ്രേരകശക്തിയായി നിന്നത്

മിഷനറിമാരായിരുന്നു. അതോടൊപ്പം ആധുനികമായ ആത്മീയാനുഭവങ്ങളിലേക്ക് ദലിത് ജനത പ്രവേശിക്കുന്നതിനുപിന്നിലും മിഷനറിമാരായിരുന്നു. അടിമജനതയായിരുന്ന ദലിതർ പ്രാർത്ഥനകളിലൂടെ സാമൂഹിക ഇടത്തെ സ്ഥാപിച്ചെടുത്തതെങ്ങനെയായിരുന്നു എന്ന അന്വേഷണം സനൽ മോഹനനെപ്പോലുള്ളവർ നടത്തിയിട്ടുണ്ട്. (Sanal Mohan, 'Creation of social space trough prayers among dalits in kerala, india') ജാതിവ്യവസ്ഥയും അത് സൃഷ്ടിച്ച സാമൂഹിക മർദ്ദനങ്ങളെയും സാംസ്കാരിക അദൃശ്യതകളെയും നേരിടാനുള്ള ഒരു ജനതയുടെ ഈവിധത്തിലുള്ള ഇടപെടലുകളെ മതാത്മകമായ പരിപ്രേക്ഷ്യത്തിൽ മാത്രം വിലയിരുത്താനാവില്ല എന്നാണ് ഇതൊക്കെ സൂചിപ്പിക്കുന്നത്. സാമൂഹികവും ചരിത്രപരവുമായ അന്വേഷണമാണ് അത് കൂടുതലായി ആവശ്യപ്പെടുന്നത്.

## അടിമത്തവും അസ്പൃശ്യതയും ചരിത്രപരമായ ചില സൂചനകൾ

കേരളം എന്ന് നാം ഇന്ന് വ്യവഹരിക്കപ്പെടുന്ന ഈ ഭൂപ്രദേശത്ത് അടിമത്തം നിലനിന്നിരുന്നതിന് തെളിവായി നിരവധി ചരിത്രരേഖകളുണ്ട്. കേരളത്തിലെത്തിയ വിദേശസഞ്ചാരികളും ബുക്കാനൻ, ലോഗൻ തുടങ്ങിയവരും ഇവിടെ അടിമത്തം നിലനിന്നിരുന്നതായി സൂചിപ്പിച്ചിട്ടുണ്ട്. അതോടൊപ്പംതന്നെ 1847-ൽ മിഷനറിമാർ തിരുവിതാംകൂർ മഹാരാജാവിനു നല്കിയ നിവേദനത്തിൽ 1836-ലെ സെൻസസു പ്രകാരമുള്ള ആകെജനസംഖ്യയിൽ(1,280,663) 164,864 പേർ അടിമകളാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. അതുപോലെ മലബാർ മേഖലയിൽ 187,812-ഉം കൊച്ചി സംസ്ഥാനത്ത് 6,589-ഉം അടിമകൾ ഉണ്ടായിരുന്നതായി ചരിത്രരേഖകൾ സൂചിപ്പിക്കുന്നു. ആരായിരുന്നു അടിമകൾ? അഥവാ ഏതുസാമൂഹിക വിഭാഗമായിരുന്നു അടിമകളായി മാറ്റപ്പെട്ടത് എന്നചോദ്യം അടിമത്തത്തെ സംബന്ധിച്ച അന്വേഷണങ്ങളിൽ പ്രധാനമാണ്. തദ്ദേശിയരായ പുലയർ, പറയർ, കുറവർ, പള്ളർ, ചെറുമർ എന്നിങ്ങനെയുള്ള ജാതിവ്യവസ്ഥയിൽ ചാതുർവർണ്ണ്യത്തിനു പുറത്ത് മനുഷ്യരായിപ്പോലും പരിഗണിക്കപ്പെടാത്ത പുറജാതികളായിരുന്നു (out caste) അടിമകളാക്കപ്പെട്ടത്. മൂന്നുതരത്തിലാണ് ഇവിടെ അടിമകൾ സൃഷ്ടിക്കപ്പെട്ടത്. ഒന്ന് ജന്മം കൊണ്ട്, രണ്ട് വ്യാപാരത്തിലൂടെ, മൂന്ന് സാമൂഹികമായ ഭ്രഷ്ടിലൂടെ (മണ്ണാപ്പേടി, പുലപ്പേടി തുടങ്ങിയവ).

ലോകത്തിൽ പലയിടത്തും അടിമത്തം നിലനിന്നിരുന്നതായി കാണാം. എന്നാൽ ഇവിടത്തെ അടിമത്തം ജാതിവ്യവസ്ഥയുമായി ബന്ധപ്പെട്ടതായിരുന്നു. ജാതിവ്യവസ്ഥ മനുഷ്യരെ ആന്തരികമായും

ബാഹ്യമായും വിഭജിച്ചുകൊണ്ടിരുന്നു. ഇത്തരം വിഭജനങ്ങളാണ് അസ്പൃശ്യതയെ സൃഷ്ടിച്ചത്. അതുകൊണ്ടുതന്നെ ലോകത്തെ മറ്റിടങ്ങളിലെ അടിമത്തത്തേക്കാൾ ക്രൂരമായിരുന്നു ഇന്ത്യയിലെ/കേരളത്തിലെ അടിമത്തം. ഡോ. ബി.ആർ. അംബേദ്കറെപ്പോലുള്ളവർ ഇതിനെ സംബന്ധിച്ച് നിരവധി പഠനങ്ങൾ നടത്തിയിട്ടുണ്ട്.

ബുക്കാനൻ തിരുവിതാംകൂറിലെ അടിമകളെക്കുറിച്ച് ഇപ്രകാരം എഴുതിയിട്ടുണ്ട്: "അടിമ ജംഗമവസ്തുവാണ്. വസ്തുക്കളുടെ ഒരംശം മാത്രം. ഭൂമി വാങ്ങുകയും വില്ക്കുകയും ചെയ്യുന്നതിനനുസരിച്ച് അടിമകളും കൈമാറ്റം ചെയ്യപ്പെടുന്നു. ഒരടിമയെ കന്നുകാലിയെപ്പോലെയോ ഭൂമിയോടൊപ്പമോ ഒരു വസ്തുവിനെപ്പോലെയോ പണയപ്പെടുത്താവുന്നതോ കൂലിക്കെടുക്കാവുന്നതോ ആകുന്നു" (Bucanan, 'A journey through the state of Madras, Canara and Malabar Travancore') അടിമ എന്നത് ഇവിടെ ഒരു വസ്തു (object) മാത്രമായിരുന്നു, ഒരു സബ്ജക്റ്റ് ആയിരുന്നില്ല. പൊയ്കയിൽ അപ്പച്ചന്റെ പാട്ടുകളിലും പ്രസംഗങ്ങളിലും അടിമവിഷയം വളരെ പ്രാധാന്യത്തോടെയാണ് അവതരിപ്പിക്കപ്പെടുന്നത്. അടിമാനുഭവത്തെ പ്രശ്നവല്ക്കരിച്ചുകൊണ്ടും ചരിത്രവല്ക്കരിച്ചുകൊണ്ടുമാണ് അപ്പച്ചൻ തന്റെ പ്രവർത്തനങ്ങളെ വിപുലീകരിച്ചത്. അപ്പച്ചന്റെ ആഖ്യാനങ്ങളിൽ അടിമകളെ കന്നുകാലിയോടൊപ്പം നുകംവെച്ച് നിലം ഉഴുതിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. അടിമകൾക്ക് മനുഷ്യപദവി ലഭിച്ചിരുന്നില്ലെന്നും അവർക്ക് മൃഗപദവി മാത്രമേ ഉണ്ടായിരുന്നുള്ളൂവെന്നും ഇത്തരം ആഖ്യാനങ്ങളിൽ നിന്ന് മനസ്സിലാക്കാം.

ജാതിവ്യവസ്ഥയായിരുന്നു ഈവിധത്തിലുള്ള അടിമത്തത്തെ നിലനിർത്തിയിരുന്നത്. മിഷനറിമാർ ഇതിനെതിരായിരുന്നു. എന്നാൽ തദ്ദേശിയരായ സുറിയാനി ക്രിസ്ത്യാനികൾക്ക് അടിമത്തത്തോടും അസ്പൃശ്യതയോടും സവർണ്ണഹിന്ദുവിന്റെ മനോഭാവമാണ് ഉണ്ടായിരുന്നത്. ക്രൈസ്തവേതരമായ നിരവധി ആചാരങ്ങൾ അവർ തുടർന്നു പോന്നിരുന്നു. സുറിയാനി ക്രിസ്ത്യാനികളും അടിമകളെ സൂക്ഷിച്ചിരുന്നു. ക്രിസ്തുവിന്റെ നാമത്തിൽ തുടരുമ്പോഴും അടിമകളുടെ നിലവിളി അവരും ചെവിക്കൊണ്ടിരുന്നില്ല. ഇന്ത്യ ബ്രിട്ടീഷ് കോളനിയായി മാറിയതോടെ അടിമത്തത്തിലും അസ്പൃശ്യതയിലും ചില ഉലച്ചിലുകൾ ഉണ്ടായതായി നിരാക്ഷിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ മൗലികമായ മാറ്റങ്ങളെ കൊളോണിയൽ അധികാരികൾ ഒരിക്കലും സ്വാഗതം ചെയ്തില്ല. പോൾ ചിറക്കരോട് എഴുതുന്നു: "ജാതി ഇന്ത്യൻ പരിതസ്ഥിതിയുടെ സവിശേഷമായ സൃഷ്ടിയാണെന്നും അതിനെ മാറ്റിമറിക്കുക

സാധ്യമല്ലെന്നുമുള്ള ധാരണ ഇംഗ്ലീഷുകാരിൽ കുറെപ്പേർക്കുണ്ടായിരുന്നു. 'അടിമ എന്നും അടിമയായി തുടരട്ടെ' എന്ന് അവർ തീരുമാനിച്ചു കാണും. മലബാർ കലക്ടറായിരുന്ന ചൗഗൻ ഇങ്ങനെ വെട്ടിത്തുറന്ന് പറഞ്ഞിട്ടുണ്ട്"(പോൾ ചിറക്കരോട്, ദലിത് ക്രൈസ്തവർ കേരളത്തിൽ, 2004) എന്നാൽ മിഷനറിമാർക്ക് അതിൽനിന്നു വ്യത്യസ്തമായ നിലപാടായിരുന്നു ഉണ്ടായിരുന്നത്. അവർ അടിമജനതയെ വിമോചിപ്പിക്കാനും അടിമത്തം ഇല്ലാതാക്കാനുമുള്ള പ്രയത്നങ്ങളിൽ ഏർപ്പെട്ടുതുടങ്ങി.

### മിഷനറിപ്രവർത്തനങ്ങൾ

1828-ൽ ബില്യം ബെന്റിക് ഗവർണ്ണർ ജനറൽ ആകുന്നതോടെയാണ് ഇന്ത്യയിൽ മിഷനറിപ്രവർത്തനങ്ങൾ കൂടുതൽ സജീവമാകുന്നത്. തദ്ദേശീയ ജനതയ്ക്കുമേലുള്ള ബ്രിട്ടീഷ് കൊളോണിയൽ അധികാരത്തിന്റെ മറ്റൊരു തരത്തിലുള്ള ഇടപെടലും അധിനിവേശവുമായാണ് നമ്മുടെ സാമ്പ്രദായിക ചരിത്രകാരന്മാർ മിഷനറി പ്രവർത്തനങ്ങളെ നോക്കികണ്ടത്. യഥാർഥത്തിൽ ഈസ്റ്റിന്ത്യാകമ്പനിയുടെ പലവിധത്തിലുള്ള അതൃപ്തികളെയും എതിർപ്പുകളെയും അതിജീവിച്ചുകൊണ്ടാണ് ഇവിടെ മിഷനറി പ്രവർത്തനങ്ങൾ വേരുപിടിച്ചത്. മിഷനറിമാരുടെ അടിമജനതയോടുള്ള അനുഭാവപൂർവ്വമായ നിലപാടും അവർക്കിടയിലെ പ്രവർത്തനങ്ങളും ഈസ്റ്റിന്ത്യാകമ്പനിക്ക് ഇഷ്ടമായില്ല. മിഷനറിമാർ വിഗ്രഹാരാധനയ്ക്ക് എതിരായിരുന്നു. അവർ അത് പരസ്യമായി പ്രസംഗിച്ചിരുന്നു. ഇത് തദ്ദേശിയരായ സവർണ്ണഹിന്ദുസമൂഹത്തിന്റെ അപ്രീതിക്ക് കാരണമാകുമെന്നും ഇത് കച്ചവടത്തെയും രാഷ്ട്രീയമായ സമ്മിതിയെയും തകർക്കുമെന്നും കമ്പനി ഭയപ്പെട്ടു. മിഷനറിമാർക്കെതിരെയുള്ള പരാതികൾ ഈസ്റ്റിന്ത്യാകമ്പനി ഇംഗ്ലണ്ടിലേക്കയച്ചുകൊണ്ടിരുന്നു. മിഷനറിമാരും കമ്പനിക്കെതിരെ നിരന്തരം പരാതികൾ അയച്ചു. 1813-ലെ ബ്രിട്ടീഷ് പാർലിമെന്റിന്റെ തീരുമാനപ്രകാരം ഇന്ത്യയിൽ ഔദ്യോഗികമായി മിഷനറി പ്രവർത്തനങ്ങൾക്ക് അനുമതി ലഭിച്ചു. ഈസ്റ്റിന്ത്യാ കമ്പനിയുടെ വ്യവസായ താല്പര്യത്തിനുമേൽ ക്രൈസ്തവ വിശ്വാസം നേടിയ വിജയമായി ഇത് നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. (പോൾ ചിറക്കരോട്)

കൊളോണിയൽ അധിനിവേശത്തിനും മുമ്പുതന്നെ ഇവിടെ തദ്ദേശിയരായ ക്രിസ്ത്യാനികൾ ഉണ്ടായിരുന്നു. അതുമായി ബന്ധപ്പെട്ട ചരിത്രം മറ്റൊന്നാണ്. പത്തൊമ്പതാം നൂറ്റാണ്ടുമുതല്ക്കാണ് ഇവിടത്തെ പ്രൊട്ടസ്റ്റന്റ് സഭയുടെയും അതിന്റെ മിഷനറി പ്രവർത്തനങ്ങളുടെയും

ചരിത്രം ആരംഭിക്കുന്നത്. ചർച്ച് മിഷൻ സൊസൈറ്റി അഥവാ സി.എം.എസ്. ആണ് ഇവിടെ മിഷനറി പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുന്നത്. പതിനെട്ടാം നൂറ്റാണ്ടിന്റെ അവസാനത്തിലാണ് ഈ സംഘടന രൂപംകൊള്ളുന്നത്. ആഫ്രിക്കയിലെയും പൗരസ്ത്യദേശങ്ങളിലെയും മിഷൻ സംഘമായിരുന്നു ഇത്. The society for mission to Africa and the East എന്ന പേരിലാണ് ഇതറിയപ്പെട്ടിരുന്നത്. ആഫ്രിക്കയിലെ അടിമത്തിനും വംശീയവിവേചനത്തിനുമെതിരെ അവർ നല്ല പോർ പൊരുതി. ഇന്ത്യയിൽ സി.എം.എസ്. പ്രസ്ഥാനത്തിന്റെ തുടക്കം കുറിക്കുന്നത് കേംബ്രിഡ്ജിൽ നിന്ന് സുവിശേഷകനായെത്തിയ ഹെന്റി മാർട്ടിൻ ആണ്. 1806-ൽ തിരുവിതാംകൂറിൽ ആദ്യമായി മിഷനറിപ്രവർത്തനങ്ങൾ ആരംഭിച്ചു. റിംഗിൾ ടോംബി എന്ന ജർമ്മൻ മിഷനറിയാണ് തിരുവിതാംകൂറിൽ ആദ്യമെത്തുന്നത്. അദ്ദേഹം അഞ്ചുതെങ്ങുവഴി കൊച്ചിവരെ യാത്രചെയ്തു കേണൽ മെക്കാളയെ കാണുകയുണ്ടായി.

### വേദമാണിക്യവും ഹാബേലും

രണ്ടുവ്യത്യസ്ത സന്ദർഭങ്ങളിൽ കീഴാള സമൂഹത്തിൽനിന്ന് ആദ്യമായി ക്രൈസ്തവതയിലേക്ക് പ്രവേശിച്ചവരാണ് വേദമാണിക്യവും ഹാബേലും. ഇതിൽ വേദമാണിക്യം തെക്കൻതിരുവിതാംകൂറിലെ മൈലാടി സ്വദേശിയാണ്. ഹാബേൽ മധ്യതിരുവിതാംകൂറിലെ മിഷനറിപ്രവർത്തനങ്ങളുടെ കേന്ദ്രമായിരുന്ന മല്ലപ്പള്ളിയിൽ നിന്നാണ് ക്രിസ്തുമതം സ്വീകരിക്കുന്നത്. വേദമാണിക്യത്തിന്റെ ആദ്യകാലത്തെ പേര് മഹാരശൻ എന്നായിരുന്നു. മഹാരശന്റെ മുൻഗാമികൾ തമിഴ് നാട്ടിൽ നിന്ന് കുടിയേറിപ്പാർത്തവരായിരുന്നു. കടുത്ത ശൈവവിശ്വാസിയായിരുന്ന മഹാരശൻ തന്റെ സഹോദരപുത്രനായ ശിവഗുരുനാഥനോടൊപ്പം ചിദംബരത്തുപോയി മടങ്ങുന്നവഴി തഞ്ചാവൂരിലെ തന്റെ സഹോദരീഭവനം സന്ദർശിക്കുകയുണ്ടായി. ചിദംബരം അയാളുടെ ശിവഭക്തിയെ കെടുത്തിക്കളഞ്ഞിരുന്നു. അതിൽ നിരാശനായാണ് അയാളുടെ മടക്കം.

ഇക്കാലത്ത് തഞ്ചാവൂരിൽ മിഷനറി പ്രവർത്തനങ്ങൾ ശക്തിപ്രാപിച്ചുവരികയായിരുന്നു. തെക്കേ ഇന്ത്യയിലെ മിഷനറി പ്രവർത്തനങ്ങളുടെ ഏകകേന്ദ്രമായിരുന്നു തഞ്ചാവൂർ. റവ. ജോൺ കാസ്പർ കാൾ ഹോഫ് ആയിരുന്നു തഞ്ചാവൂർ മിഷന്റെ നേതൃത്വം വഹിച്ചിരുന്നത്. മഹാരശന്റെ സഹോദരിയും ഭർത്താവുമെല്ലാം ഇതിനകം ക്രിസ്തുമതം സ്വീകരിച്ചുകഴിഞ്ഞിരുന്നു. മഹാരശനും അദ്ദേഹത്തോടൊപ്പമുണ്ടായിരുന്ന സഹോദരപുത്രൻ ശിവഗുരുനാഥനും ജ്ഞാനസ്നാനം സ്വീകരിക്കാൻ തയ്യാറായി.

അങ്ങനെ മഹാരശൻ വേദമാണിക്യമെന്നും ശിവഗുരുനാഥൻ മാസിലാമണിയെന്നും പേര് സ്വീകരിച്ചു. "അന്ധകാരത്തിൽ കുടുങ്ങിയ വിഗ്രഹാരധനയ്ക്കിടയിൽ ദൈവത്തിന്റെ സത്യവചനത്തിന്റെ ആദ്യ പ്രഘോഷകൻ" എന്നാണ് വേദമാണിക്യം വിശേഷിപ്പിക്കപ്പെട്ടത്. ആദ്യമായി തിരുവിതാംകൂറിലെത്തിയ റിംഗിൾ ടോബ് എന്ന മിഷനറിയാണ് വേദമാണിക്യത്തെ ഒരു സുവിശേഷപ്രവർത്തകനാക്കിമാറ്റുന്നത്. വേദമാണിക്യത്തിന്റെ കുടുംബമൊന്നാകെ ക്രിസ്തുമതം സ്വീകരിച്ചു. തിരുവിതാംകൂറിലെ സാമൂഹികവ്യവസ്ഥ അത് അംഗീകരിക്കാൻ തയ്യാറായിരുന്നില്ല. ജാതിബന്ധങ്ങളും പലവിധത്തിലുള്ള ഉച്ചനീചത്വങ്ങളും അയിത്തവും സമൂഹത്തെയാകെ ഗ്രസിച്ചിരുന്ന ഒരു കാലഘട്ടത്തിൽ ക്രിസ്തീയ വിശ്വാസത്തിലേക്കും സമത്വബോധത്തിലേക്കും കീഴാളർ പ്രവേശിക്കുന്നത് ആ വ്യവസ്ഥയ്ക്കുമേലുള്ള പ്രഹരമായിരുന്നു.

വേദമാണിക്യത്തെ തുടർന്ന് കീഴാളസമൂഹത്തിൽനിന്ന് നിരവധി പേർ ക്രിസ്തുമതം സ്വീകരിച്ചു. എന്നാൽ വേദമാണിക്യത്തിനും കൂട്ടർക്കും പള്ളിപണിയാനോ നിർഭയമായി ആരാധിക്കുവാനോ ഉള്ള ഇടം അനുവദിക്കപ്പെട്ടില്ല. ഇക്കാലത്താണ് ബുക്കാനൻ കേരളത്തിലെത്തുന്നത്. അദ്ദേഹം മഹാരാജാവിനെ ചെന്നുകണ്ട് ക്രൈസ്തവർക്ക് ആരാധാനാലയം അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചു. "തങ്ങളുടെ ദൈവത്തെ ആരാധിക്കുന്നതിൽനിന്ന് ഏതെങ്കിലും രാജാവ് തന്റെ പ്രജകളെ വിലക്കിയിട്ടുണ്ടോ?" എന്ന് ബുക്കാനൻ രാജാവിനോട് ചോദിച്ചു. (പോൾ ചിറക്കരോട്)

വേലുത്തമ്പിദളവയ്ക്ക് മിഷനറി പ്രവർത്തനങ്ങളോടും അടിമജനതയുടെ ക്രിസ്തുമത പ്രവേശനത്തോടും വലിയ എതിർപ്പുണ്ടായിരുന്നു. ഇംഗ്ലീഷുകാർക്കെതിരെ വേലുത്തമ്പിദളവ വാളെടുത്തതിന്റെ പ്രധാന കാരണങ്ങളിലൊന്ന് തിരുവിതാംകൂറിലെ ക്രിസ്തുമത വ്യാപനമായിരുന്നു എന്ന് അദ്ദേഹം കോഴിക്കോട് സാമൂതിരിക്ക് എഴുതിയ കത്തിൽ സൂചിപ്പിക്കുന്നുണ്ട്. സവർണ്ണ ഹിന്ദുക്കൾ മിഷനറിമാർക്കെതിരെ അക്രമങ്ങൾ പോലുംഅഴിച്ചുവിട്ടു. തമിഴ് ബ്രാഹ്മണരെ ഭരണം ഏല്പിച്ച് സുഖലോലുപരായി കഴിഞ്ഞിരുന്ന തിരുവിതാംകൂർ രാജാക്കന്മാരെ സാമൂഹികമായ പ്രശ്നങ്ങൾ അലട്ടിയിരുന്നില്ല. റിംഗിൾ ടോംബ് ഉൾപ്പെടെയുള്ള മിഷനറിമാർ ആരാധനാലയത്തിനുവേണ്ടി നെട്ടോട്ടമോടി. അവസാനം തിരുവിതാംകൂറിലെ അതിർത്തി പ്രദേശവും ബ്രിട്ടീഷ് അധീനതയിലുള്ളതുമായ കരിംകുളം എന്ന സ്ഥലത്ത് കുറച്ചു ഭൂമിവാങ്ങി അവിടെ പള്ളി സ്ഥാപിക്കാൻ റിംഗിൾ ടോംബ് തീരുമാനിച്ചു. കനാൽ പ്രദേശം

എന്നർത്ഥമുള്ള കനാന്നൂര് എന്ന് ആ സ്ഥലത്തിന് അദ്ദഹം നാമകരണം ചെയ്തു.

റാണി ലക്ഷ്മിഭായി തിരുവിതാംകൂർ റീജന്റായി ഭരിക്കുന്ന കാലത്താണ് കേണൽ ജോൺ മൺറോ ബ്രിട്ടീഷ് റെസിഡന്റ് ആവുന്നത്. പിന്നീട് അദ്ദേഹം ദിവാനായി മാറി. അദ്ദേഹത്തിന്റെ ഭരണകാലം തിരുവിതാംകൂറിലെ മിഷനറിപ്രവർത്തനങ്ങളുടെ സുവർണ്ണദശയായിരുന്നു. കേരളനവോത്ഥാന പരിശ്രമങ്ങളുടെ നാന്ദിയായി മാറിയ മാറുമറയ്ക്കൽ കലാപമുൾപ്പെടെയുള്ള സാമൂഹിക വിപ്ലവങ്ങളുടെ മുന്നുപാധിയായി മിഷനറി പ്രവർത്തനങ്ങൾ മാറുകയുണ്ടായി. പുതിയ ആകാശവും പുതിയ ഭൂമിയും അവരുടെ മുന്നിൽ പ്രത്യക്ഷമായി. വിദ്യാഭ്യാസം, വസ്ത്രം, ഭൂമി, സ്വാതന്ത്ര്യം എന്നിവ തങ്ങൾക്കുകൂടി അവകാശപ്പെട്ടതാണെന്ന് അടിമജനതയ്ക്ക് ബോധ്യമായി. 1812-ൽ മതപരിവർത്തനം ചെയ്ത സ്ത്രീകൾക്ക് മാറുമറയ്ക്കാൻ അനുവാദം നല്കിക്കൊണ്ടുള്ള ഉത്തരവ് കേണൽ മൺറോ പുറപ്പെടിവിച്ചു. അതുപോലെ 1816 ൽ സർക്കാരിനും ക്ഷേത്രങ്ങൾക്കും ചെയ്തുകൊടുക്കേണ്ട ഞായറാഴ്ചകളിലെ ഊഴിയം വേലയിൽ നിന്ന് ക്രിസ്തുമതം സ്വീകരിച്ചവരെ മാറ്റിനിർത്തുന്ന വിളംബരമുണ്ടായി. എൽ.എം.എസ്. മിഷന്റെ പ്രവർത്തനങ്ങൾ തിരുവിതാംകൂറിൽ ശക്തിപ്പെട്ടുവരുന്ന കാലമായിരുന്നു അത്. നാടാർ വിഭാഗത്തിലുള്ളവരാണ് എൽ.എം.എസ്. മിഷന്റെ ഭാഗമായി ക്രിസ്തുമതം സ്വീകരിച്ചത്. അരുളാനന്ദം വൽസലം, മോസസ് വൽസലം, ശാസ്ത്രിയാർ ദൈവസഹായം തുടങ്ങിയ സുവിശേഷകരുടെ സാമൂഹിക പരിഷ്കരണ പ്രവർത്തനങ്ങൾ കേരള നവോത്ഥാനത്തിന്റെ ഭാഗമാണ്. പൊയ്കയിൽ അപ്പച്ചന്റെ പാട്ടുകളെപ്പോലെതന്നെ സാമൂഹിക പ്രാധാന്യമുള്ളതാണ് സുവിശേഷ പ്രവർത്തകനായിരുന്ന മോസസ് വൽസലത്തിന്റെ പാട്ടുകളും.

"അടിമവേലയൊഴിഞ്ഞുതേ നമ്മുടെ
അടിമവല അഴിഞ്ഞുതേ"
"ഇടിക്കണം പേയിൽ കോട്ട-നാം ഇടിക്കണം
ജാതിഭേദങ്ങൾ മുടിക്കണം
സ്നേഹത്തിൻ കൊടി പിടിക്കണം"

എന്നിങ്ങനെയുള്ള അദ്ദേഹത്തിന്റെ ഗാനങ്ങളിൽ ആത്മീയമായ അടയാളങ്ങളല്ല, സാമൂഹികവിപ്ലവത്തിന്റെ ആഹ്വാനങ്ങളാണ് തെളിഞ്ഞ് കിടക്കുന്നത്. വൈകുണ്ഠ സ്വാമിയെപ്പോലുള്ള നവോത്ഥാന നായകരുടെ ഇടപെടലുകൾക്ക് പ്രേരകശക്തിയായി നിന്നത് ഈവിധമുള്ള ക്രിസ്ത്യൻ -മിഷനറി ബോധ്യങ്ങളായിരുന്നു.

മല്ലപ്പള്ളി പ്രസ്ഥാനം

ദലിത് ക്രൈസ്തവതയുടെ ചരിത്രത്തിൽ മല്ലപ്പള്ളി പ്രസ്ഥാനത്തിന് വളരെ പ്രധാന്യമുണ്ട്. മധ്യതിരുവിതാംകൂറിലെ തിരുവല്ലയ്ക്കടുത്തുള്ള ദേശമാണ് മല്ലപ്പള്ളി. മധ്യതിരുവിതാംകൂറിലെ അടിമകളായിരുന്ന ദലിത് ജനതയ്ക്കിടയിലുള്ള മിഷനറി പ്രവർത്തനത്തിന്റെ നാന്ദി മല്ലപ്പിള്ളിയിൽ നിന്ന് ആരംഭിക്കുന്നു. സി.എം.എസ്. മിഷനറിസംഘത്തിന്റെ ആദ്യകാല പ്രവർത്തനങ്ങളുടെ കേന്ദ്രമായിരുന്നു മല്ലപ്പിള്ളി. അവിടെ വെച്ചാണ് ദൈവത്താൻ എന്ന അടിമമനുഷ്യൻ ഹാബേലായി ഉയിർത്തെഴുനേല്ക്കുന്നത്. 185-ലാണ് ഈ ചരിത്രസംഭവം. റവ. ജോൺ ഹോക്സ് വർത്താണ് മല്ലപ്പിള്ളി പ്രസ്ഥാനത്തിന് നേതൃത്വം നല്കിയത്. സി.എം. എസിന്റെ മദ്രാസ് കറസ്പോണ്ടന്റ് സെക്രട്ടറിയായിരുന്ന ടി.ജി. റംഗ്ലാന്റ് തിരുവിതാംകൂർ സന്ദർശിക്കുകയും അടിമജനതയുടെ ദുരിതജീവിതം നേരിട്ടുകാണുകയുംചെയ്തു. അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരമാണ് മധ്യതിരുവിതാംകൂറിൽ മിഷനറി പ്രവർത്തനങ്ങൾ ആരംഭിക്കുന്നത്. റവ. ജോൺ ഹോക്സ് വർത്ത്, റവ. ജോർജ്ജ് മാത്തൻ തുടങ്ങിയവർ അടിമകളുടെ മോചനത്തിനായി പ്രവർത്തിച്ചു. അവർ കൈപ്പറ്റയിൽ അടിമസ്കൂൾ സ്ഥാപിച്ചു. അതിനെത്തുടർന്ന് തിരുവല്ലയിലും പരിസരത്തും നിരവധി അടിമസ്കൂളുകൾ തുറക്കപ്പെട്ടെങ്കിലും സമ്പന്നരായ സവർണ്ണ ഹിന്ദുക്കളും സിറിയൻ ക്രിസ്ത്യാനികളും അത്തരം സ്കൂളുകളെ അഗ്നിക്കിരയാക്കി. വീണ്ടും വീണ്ടും സ്കൂളുകൾ കെട്ടിയുണ്ടാക്കിക്കൊണ്ട് അവർ ഈ അതിക്രമങ്ങളെ ചെറുത്തുകൊണ്ടിരുന്നു. മിഷനറിമാർക്കെതിരെയും ദലിത് ക്രിസ്ത്യൻ ജനതയ്ക്കെതിരെയും വലിയ പീഡനങ്ങളാണ് അവർ അഴിച്ചുവിട്ടത്. ദലിതർ ക്രിസ്ത്യാനികളായി മാറുന്നതിലൂടെ കാർഷിക അടിമപ്പണിക്ക് ആളെക്കിട്ടാതാവുമെന്ന് സവർണ്ണസമൂഹം ഭയപ്പെട്ടുതുടങ്ങി. മിഷനറിമാരെ നാടിന്റെ ശത്രുക്കളായാണ് അവർ കണ്ടത്. അതിന്റെ അനുരണനങ്ങളാണ് പില്ക്കാല ചരിത്ര രചനകളിലും പ്രതിഫലിച്ചത്. അടിമജനതയായ ദലിതരെ സംബന്ധിച്ച് മിഷനറിമാർ അവരുടെ രക്ഷകരായിരുന്നു. ക്രിസ്തുമതപ്രവേശത്തിലൂടെ മനുഷ്യർ എന്ന പദവിയിലേക്ക് ദലിത് ജനത നടന്നുകയറി. പ്രാർത്ഥനകളും വിശ്വാസവും നല്കിയ ആത്മവിശ്വാസം അനീതികളെ നേരിടാൻ അവർക്ക് ആന്തരിക ബലം നല്കി.

എങ്കിലും ദലിത് ക്രിസ്ത്യാനികൾ തങ്ങളുടെ പൂർവ്വദൈവങ്ങളെ പൂർണ്ണമായും കൈവെടിയാൻ തയ്യാറായിരുന്നില്ല. അവരുടെ മനസ്സുകളിൽ ക്രിസ്തുവും കുലമൂർത്തികളും സംഘർഷപ്പെട്ടുകൊണ്ടിരുന്നു. ഒരു

അടിമയുടെ ദൈവവും അടിമയായിരിക്കുമോ എന്ന ചോദ്യം ഇവിടെ പ്രധാനമാണ്. അവരുടെ ദൈവങ്ങൾ അടിമത്വത്തിൽനിന്നും അസ്പൃശ്യതയിൽ നിന്നും അവരെ രക്ഷിച്ചില്ല. സവർണ്ണ ഹിന്ദുവിന്റെ ദൈവങ്ങൾക്കുമുമ്പിൽ അവർ നിസ്സഹായരായിരുന്നു. എന്നാൽ ക്രിസ്തുവിന്റെ രക്തവും മാംസവും അവരെ അടിമത്തത്തിൽനിന്ന് ഉത്ഥാനംനല്കി. പക്ഷേ, വിവേചനത്തിന്റെയും പാർശ്വവല്ക്കരണത്തിന്റെയും അനുഭവങ്ങൾ പള്ളിയ്ക്കുള്ളിലും പുറത്തും ദലിത് ക്രൈസ്തവർക്ക് നേരിടേണ്ടിവന്നിട്ടുണ്ട്. ഹിന്ദുയിസം ഉല്പാദിപ്പിച്ച വരേണ്യസങ്കല്പനങ്ങൾ ക്രിസ്തുവിന്റെ രക്തത്തിനുപോലും കഴുകിക്കളയാൻ കഴിഞ്ഞില്ല. പൊയ്കയിൽ അപ്പച്ചൻ, പാമ്പാടി ജോൺ ജോസഫ് തുടങ്ങിയവർ ഈ വിഷയത്തെ പ്രശ്നവല്ക്കരിക്കുകയും സാമൂഹികമായി അതിന് ഉത്തരം നല്കാൻ പ്രയത്നിക്കുകയും ചെയ്തവരാണ്.

സാമൂഹികമായ ചലനാത്മകതയിലേക്ക് ദലിതരെ നയിക്കുന്നതിൽ മിഷനറിപ്രവർത്തനങ്ങൾ വഹിച്ച പങ്ക് വലുതാണ്. അവർ നല്കിയ വചനവും വഴിയും അടിമ മനുഷ്യരെ സ്വതന്ത്രരാക്കി. ദലിത് ക്രിസ്ത്യാനികളുടെ സാമൂഹികവും സാംസ്കാരികവുമായ സംഭാവനകൾ മതാത്മക ആഖ്യാനങ്ങളിൽ ഒതുങ്ങിപ്പോവുകയാണുണ്ടായത്. മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ കീഴാളസമൂഹത്തിന്റെ മതാത്മക ആഖ്യാനങ്ങളെ മുഖ്യധാരാ ചരിത്രത്തിന്റെ ഭാഗമായി വിലയിരുത്തപ്പെട്ടില്ല. സാധുകൊച്ചുകുഞ്ഞുപദേശിയെപ്പോലുള്ള സുവിശേഷപ്രവർത്തകരുടെ സംഭാവനകൾ തിരിച്ചറിയപ്പെടേണ്ടതുണ്ട്. അവരുടെ പ്രാത്ഥനകളിലെയും ഗാനങ്ങളിലെയും വിമോചനാംശങ്ങൾ വേണ്ടവിധം ഇനിയും പഠിക്കപ്പെട്ടിട്ടില്ല. അത്തരത്തിലുള്ള പഠനങ്ങൾ നമ്മുടെ ചരിത്രത്തെയും സാഹിത്യത്തെയും വിപുലപ്പെടുത്തുമെന്ന് പ്രത്യാശിക്കാം.

ഗ്രന്ഥസൂചി

1. Sanal Mohan, Creation of social space through prayers among dalits in Kerala, India, journal of 2 religious and political practice vol. 2, 2016
2. Chad Bauman, Christian identity and dalit religion in Hindu india 1868-1947
3. C.M. Agur, Church history of Travancore
4. Robin Jeffrey, The Decline of the Nair Dominance
5. K.K. Kusuman slavery in Travancore
6. Sanal Mohan, Modernity of slavery

7. Bucanan, A Jouney through the state of Madras, Canara and Malabar Travancore
8. പോൾ ചിറക്കരോട്, ദലിത് ക്രൈസ്തവർ കേരളത്തിൽ
9. ബോബി തോമസ്, ക്രിസ്ത്യാനികൾ ക്രിസ്തുമതത്തിനൊരു കൈപ്പുസ്തകം
10. ടി.എച്ച്.പി. ചെന്താരശ്ശേരി, പാമ്പാടി ജോൺ ജോസഫ്
11. രാജേഷ് ചിറപ്പാട്, പൊയ്കയിൽ അപ്പച്ചൻ
12. പ്രൊഫ. ജെ. ഡാർവിൻ, നാടുണർത്തിയ നാടാർ പോരാട്ടങ്ങൾ
13. ബലിയാടുകളുടെ വംശാവലി, ടി.എം. യേശുദാസൻ